## 10. ഉപസംഹാരം

### (i) ഇസ്‌ലാമിന്റെ വ്യാപ്തി

ഇസ്‌ലാമിന് മനുഷ്യരാശിയോളം തന്നെ യുഗദീർഘമായ ചരിത്ര പാരമ്പര്യമാണുള്ളത്. മാനവ സമുദായത്തിന്റെ കുലപതിയും പ്രവാചക പരമ്പരയിലെ പ്രഥമ കണ്ണിയുമായ ആദം മുതൽ അത് ആരംഭിക്കുന്നു. അവിടന്നിങ്ങോട്ട് ക്രി. ഏഴാം നൂറ്റാണ്ടുവരെ വിവിധ കാലങ്ങളിലും സമൂഹങ്ങളിലുമായി ഒന്നേകാൽ ലക്ഷത്തോളം പ്രവാചകന്മാർ ഈ ലോകത്താഗതരായി ഇസ്‌ലാം മതം പ്രബോധനം ചെയ്യുകയും മുസ്‌ലിം സമൂഹം കെട്ടിപ്പടുക്കുകയും ചെയ്തിട്ടുണ്ട്. കാലക്രമത്തിൽ അവരുടെ സമുദായങ്ങൾ ഇസ്‌ലാമിനു നിരക്കാത്ത ആശയങ്ങളും ആചാരങ്ങളും പേരുകളും സ്വീകരിച്ച് ഇസ്‌ലാമിൽനിന്നു വ്യതിചലിക്കുകയായിരുന്നു. ഇന്ന് ജൂതമതം, ക്രിസ്തുമതം എന്നൊക്കെ അറിയപ്പെടുന്ന മതങ്ങളെയും അവയുടെ പ്രവാചകന്മാർ പ്രബോധനം ചെയ്തത് ഇസ്‌ലാം മതമായിട്ടായിരുന്നുവെന്ന് ഖുർആൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഹൈന്ദവ-ബൗദ്ധ മതങ്ങളും ഒരുപക്ഷേ, പ്രവാചകന്മാർ പ്രബോധനം ചെയ്തതും പില്ക്കാലത്ത് വ്യതിചലിച്ചു പോയതുമായ ദൈവിക മതങ്ങൾ തന്നെയായിരിക്കണം.

ഇത്തരം വ്യതിചലനങ്ങളിൽനിന്നെല്ലാം മുക്തമായ ദൈവിക മതത്തിന്റെ യഥാർഥ രൂപം എക്കാലത്തെയും ജനങ്ങൾക്കു വിവരിച്ചുകൊടുക്കാനായിട്ടാണ് അല്ലാഹു അന്ത്യപ്രവാചകനായ മുഹമ്മദ്നബി(ക്രി. 570–632)യെ അയച്ചത്. അദ്ദേഹം അനുപമമായ ഈ ആദർശം സമ്പൂർണാർഥത്തിൽ പ്രബോധനം ചെയ്തു. ഇസ്‌ലാമിന്റെ ധാർമിക വ്യവസ്ഥയിലധിഷ്ഠിതമായ ഒരു രാഷ്ട്രം പടുത്തുയർത്തി. അനേകം രാഷ്ട്രീയ-സാമൂഹിക പരിഷ്കാരങ്ങൾക്ക് തുടക്കമിട്ടു. അക്കാലത്തുതന്നെ ജനപ്പാർപ്പുള്ള ലോകത്തിന്റെ മൂന്നിലൊരു ഭാഗത്തെ ജനകോടികളെ അത് ഇളക്കി മറിച്ചു. അദ്ദേഹം പ്രബോധനം ചെയ്ത സന്ദേശത്തിന്റെ അതുല്യമായ വശ്യശക്തി ഹൃദയ മസ്തിഷ്കങ്ങളെ ഹഠാദാകർഷിച്ചു. അതിന്റെ മഹത്തായ അധ്യാപനങ്ങൾക്കൊത്ത് ജീവിതത്തെ പരിവർത്തിപ്പിക്കാൻ സന്നദ്ധരായ ശക്തവും ഊർജസ്വലവുമായ ഒരു സമൂഹത്തെ വാർത്തെടുത്തു. സർവോപരി ചരിത്രത്തിന്റെ ഗതിയെത്തന്നെ മാറ്റിമറിച്ചു.

മുഹമ്മദ്നബിക്കുശേഷം ഇസ്‌ലാമിക സമൂഹത്തിന്റെ നേതൃത്വമേറ്റെടുത്തവർ സച്ചരിതരായ ഖലീഫഃമാർ (അൽഖുലഫാഉർറാശിദൂൻ) എന്ന പേരിലാണ് അറിയപ്പെടുന്നത്. അബൂബക്ർ സിദ്ദീഖ്, ഉമറുൽ ഫാറൂഖ്, ഉഥ്മാനുബ്നു അഫ്ഫാൻ, അലിയ്യുബ്നു അബീത്വാലിബ് എന്നീ നാലുപേരാണ് അവർ.

നബിതിരുമേനിയുടെ സന്തത സഹചാരിയും പ്രഥമ വിശ്വാസിയുമായിരുന്നു അബൂബക്ർ സിദ്ദീഖ് (മ. 12/634). ഖുർആൻ ഒറ്റ ഗ്രന്ഥമായി ക്രോഡീകരിച്ച് എഴുതപ്പെട്ടത് അദ്ദേഹത്തിന്റെ കാലത്താണ്. വ്യാജ പ്രവാചകത്വം വാദിച്ച് അധികാരം കൈക്കലാക്കാൻ ശ്രമിച്ച പ്രതിവിപ്ലവകാരികളെയും വിഘടന വാദമുയർത്തിയ അറബി ഗോത്രങ്ങളെയും ചെറുത്ത് തോല്പിച്ച് അറേബ്യയെ അഖണ്ഡ ഇസ്‌ലാമിക രാജ്യമായി അദ്ദേഹം നിലനിർത്തി.

ഉമറുബ്നുൽ ഖത്ത്വാബായിരുന്നു അടുത്ത ഭരണാധികാരി. ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും സുവർണമായ അധ്യായമാണ് ഉമറിന്റെ ഖിലാഫത്. ഉമറിന്റെ നീതിനിഷ്ഠയും പ്രജാവാത്സല്യവും വിശ്വവിഖ്യാതമാണ്. അദ്ദേഹത്തിന്റെ 10 വർഷത്തെ ഭരണത്തിൽ ഇസ്‌ലാമിക രാഷ്ട്രം മൊറോക്കോ വരെ വ്യാപിച്ചു. റോമാ-പേർഷ്യൻ കോളനികളായിരുന്ന ഇറാൻ, ഇറാഖ്, സിറിയ, ഫലസ്ത്വീൻ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിലെ ജനങ്ങൾ ഇസ്‌ലാമിൽ ആകൃഷ്ടരായി. പ്രസ്തുത പ്രദേശങ്ങളെ ഉമർ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ ഭാഗമാക്കി.

23/644-ൽ അധികാരമേറ്റ ഉഥ്മാനുബ്നു അഫ്ഫാന്റെ ഭരണകാലത്ത് ശിഥിലീകരണ പ്രവണതകൾ തലപൊക്കിയെങ്കിലും രാജ്യം കൂടുതൽ വിസ്തൃതമായി. മുസ്‌ലിംകൾക്ക് ഒരു നാവിക സേനയുണ്ടായി. രാജ്യത്ത് തലപൊക്കിയ കുഴപ്പങ്ങളെത്തുടർന്ന് ഉഥ്മാൻ വധിക്കപ്പെട്ടു. തുടർന്ന് ഖലീഫഃയായി തെരഞ്ഞെടുക്കപ്പെട്ട അലിയുടെയും ഭരണം സമ്പൂർണാർഥത്തിൽ ഇസ്‌ലാമികമായിരുന്നു. അദ്ദേഹത്തിന്റെ നീതിനിഷ്ഠയും പ്രജാക്ഷേമ തൽപരതയും ചരിത്രത്തിൽ പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്.

എന്നാൽ മൂന്നാം ഖലീഫഃ ഉഥ്മാന്റെ ഘാതകരെ പിടികൂടുന്നതിൽ അനിവാര്യമായ കാരണങ്ങളാൽ സംഭവിച്ച കാലവിളംബം, അലിയുടെ കാലത്ത് പ്രമുഖ സ്വഹാബികളെ വരെ അസംതൃപ്തരാക്കുകയുണ്ടായി. ഇതേത്തുടർന്നുണ്ടായ നിർഭാഗ്യകരമായ സംഭവങ്ങൾ ഇസ്‌ലാമിക സമൂഹത്തിൽ ചേരിപ്പോരിനിടയാക്കി. തുടർന്ന് 40/661-ൽ അലി വധിക്കപ്പെട്ടതോടെ ഖിലാഫതുർറാശിദഃയുടെ യുഗം അവസാനിക്കുകയും ഭരണം വംശാധിപത്യത്തിനു വഴിമാറുകയും ചെയ്തു. ഉമവികൾ, അബ്ബാസികൾ, ഫാത്വിമികൾ, ഉഥ്മാനികൾ തുടങ്ങിയ പ്രമുഖ താവഴികളാണ് പിന്നീട് ഇസ്‌ലാമിക ലോകത്തിന്റെ ഭരണം കൈയാളിയത്.

ഖുലഫാഉർറാശിദുകൾക്ക് ശേഷം ഖിലാഫതു വ്യവസ്ഥിതി രാജവാഴ്ചയിലേക്ക് വ്യതിചലിച്ചുവെങ്കിലും ഭരണകൂട ഘടനയെ മാത്രമേ അത് വികലമാക്കിയിരുന്നുള്ളൂ. സാമൂഹിക നിയമങ്ങളും സാമ്പത്തിക-സാംസ്കാരിക വ്യവസ്ഥകളും പൂർണമായും ഇസ്‌ലാമികമായിത്തന്നെ നിലനിന്നു.

അതുകൊണ്ട് ഖിലാഫതിന്റെ സ്വഭാവത്തിലുണ്ടായ മാറ്റം മുസ്‌ലിം സമൂഹത്തിന്റെ പുരോഗമനത്തിൽ പെട്ടെന്ന് തിരിച്ചടികളൊന്നും ഉണ്ടാക്കിയില്ല. ഉമവീ-അബ്ബാസീ കാലഘട്ടങ്ങളിലെല്ലാം മുസ്‌ലിം സമൂഹത്തിന്റെ മുഖ്യ ചാലകശക്തി വിശുദ്ധ ഖുർആനും തിരുസുന്നതും തന്നെയായിരുന്നു. ആധ്യാത്മിക രംഗത്തും ഭൗതിക രംഗത്തും അനുസ്യൂതമായ വൈജ്ഞാനിക പ്രവർത്തനങ്ങളെ അവ പ്രചോദിപ്പിച്ചുകൊണ്ടിരുന്നു. മദ്ഹബിന്റെ ഇമാമുകളെപ്പോലെ ഇസ്‌ലാമിന്റെ യശസ്സിന് തിളക്കം പകർന്ന യുഗപ്രഭാവരായ നിരവധി വ്യക്തിത്വങ്ങൾ രംഗത്തുവന്നതും പ്രസ്തുത കാലഘട്ടങ്ങളിലായിരുന്നുവെന്നത് സ്മരണീയമാണ്. ഇസ്‌ലാമിക സമൂഹം വൈജ്ഞാനിക-സാംസ്കാരിക രംഗങ്ങളിൽ അഭൂതപൂർവമായ പുരോഗതി കൈവരിച്ചതും ആ കാലഘട്ടത്തിലായിരുന്നു. ''ക്രി. എട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി മുതൽ 11-ാം നൂറ്റാണ്ടിന്റെ അന്ത്യം വരെ ഇസ്‌ലാമിക സമൂഹത്തിന്റെ ഭാഷയായ അറബിയായിരുന്നു മനുഷ്യവംശത്തിന്റെ ശാസ്ത്രീയവും പുരോഗമനാത്മകവുമായ ഭാഷ. ആ കാലഘട്ടത്തിൽ അറിവുള്ളവനാകാനും ഏറ്റവും പുതിയ വിജ്ഞാനം ആർജിക്കാനും ആഗ്രഹിക്കുന്നവർക്ക് അറബി ഭാഷാ പഠനം നിർബന്ധമായിരുന്നു''(ജോർജ് സാർട്ടൺ- ***Introduction to History of Science***). യൂറോപ്പ് മുസ്‌ലിം ആധിപത്യത്തിലായിരുന്ന കാലഘട്ടമായിരുന്നു മാനവരാശിയുടെ സുവർണ കാലഘട്ടമെന്ന് നിഷ്പക്ഷ ചരിത്രകാരന്മാർ വിലയിരുത്തിയിട്ടുണ്ട്.